മുഴുവൻ മാർക്കും നേടി ഹയർസെക്കണ്ടറി പരീക്ഷയിൽ താരമായ തളിപ്പറമ്പ മൂത്തേടത്ത് എച്ച്.എസിലെ പി.അനഘക്ക് ബാലസംഘത്തിന്റെ ഉപഹാരം എം.പ്രകാശൻ മാസ്റ്റർ നൽകുന്നു

നൂറുമേനി കൊയ്ത അനഘക്ക് അഭിനന്ദന പ്രവാഹം

തളിപ്പറമ്പ: ഹയർസെക്കണ്ടറി പരീക്ഷയിൽ 1200ൽ മുഴുവൻ മാർക്കും നേടി നാടിന്റെ അഭിമാനമായ തളിപ്പറമ്പ മൂത്തേടത്ത് ഹൈസ്കൂളിലെ പി.അനഘയ്ക്ക് ബാലസംഘം നേതാക്കൾ ഉപഹാരം നൽകി. ഇന്ന് രാവിലെ പട്ടുവം കാവുങ്കലിലെ അനഘയുടെ വീട്ടിലെത്തിയ ബാലസംഘം സംസ്ഥാന കൺവീനർ എം.പ്രകാശൻ മാസ്റ്ററാണ് ഉപഹാരം നൽകിയത്. ജില്ലാ കൺവീനർ അഴീക്കോടൻ ചന്ദ്രൻ, ഏരിയാ കൺവീനർ സി.അശോക്കുമാർ, സുമേശൻ മാസ്റ്റർ, ബ്ലോക്ക് പഞ്ചായത്തംഗം സി.ജീജ സംബന്ധിച്ചു. നിരവധി സംഘടനകളും പ്രവർത്തകരും വീട്ടിലെത്തി അനഘയെ അഭിനന്ദിച്ചു.

പോലീസ് സ്റ്റേഷനിൽ പി.ആർ.ഒ സംവിധാനം ഏർപ്പെടുത്തി

തളിപ്പറമ്പ: തളിപ്പറമ്പ പോലീസ് സ്റ്റേഷനിൽ പരാതിക്കാർക്കും മാധ്യമ പ്രവർത്തകർക്കും കൂടുതൽ സൗകര്യം ഏർപ്പെടുത്തി. പ്രവേശന കവാടത്തിന് തൊട്ടടുത്തായാണ് പി.ആർ.ഒ ഡെസ്ക് പ്രവർത്തിക്കുന്നത്. പരാതി നൽകാനും നൽകിയ പരാതിയുടെ പുരോഗതി അറിയാനും നാട്ടുകാർക്ക് ഇനി മുതൽ പി.ആർ.ഒയുമായി ബന്ധപ്പെടാം. പകൽ സമയങ്ങളിൽ ഇവരുടെ സേവനം ലഭ്യമാണ്. തിരക്ക് പിടിച്ച ജോലികൾക്കിടയിൽ ജി.ഡി. ചാർജിന് വരുന്നവരോട് വേണ്ടവിധം സംസാരിക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. തളിപ്പറമ്പ ഡി.വൈ.എസ്.പി. കെ.വി. വേണുഗോപാൽ, സി.ഐ കെ.ജെ. ബിനോയ് എന്നിവരാണ് പുതിയ സംവിധാനത്തിന്റെ പിറകിൽ പ്രവർത്തിച്ചത്. പ്രിൻസിപ്പൾ എസ്.ഐയായി കെ. ദിനേശൻ ചുമതലയേറ്റിട്ടുണ്ട്.

മദ്യപരുടെ ആക്രമണത്തിൽ വയോധികന് പരിക്ക്

തളിപ്പറമ്പ: മദ്യപ സംഘത്തിന്റെ ആക്രമണത്തിൽ വയോധികന് പരിക്ക്. ചെമ്പേരി അമ്പഴത്തിൽചാലയിലെ പുളിക്കൽ തോമസി(64)നെയാണ് കഴിഞ്ഞ ദിവസം രാത്രി 9.30ന് വീട്ടിൽ തനിച്ചായിരുന്നപ്പോൾ മദ്യപിച്ചെത്തിയ സാജു വീട്ട് വേലിക്കുന്നേലിന്റെ നേതൃത്വത്തിലുള്ള മൂന്നംഗ സംഘം ആക്രമിച്ചത്. ആക്രമണത്തിൽ തോമസിന്റെ കഴുത്തിന് പരിക്കേറ്റിട്ടുണ്ട്. ഇയാൾ തളിപ്പറമ്പ താലൂക്ക് ആശുപത്രിയിൽ ചികിത്സ തേടി. കൃഷിപ്പണിക്കാരനാണ് ഇയാൾ.

തനിച്ച് താമസിക്കുന്ന സ്ത്രീ വീട്ടിനകത്ത് മരിച്ച നിലയിൽ

പയ്യന്നൂർ: തനിച്ച് താമസിക്കുന്ന എഴുപതുകാരിയെ വീട്ടിനകത്ത് മരിച്ച നിലയിൽ കണ്ടെത്തി. എടാട്ട് പറമ്പത്ത് താമസിക്കുന്ന കാർത്ത്യായനി (70)യാണ് മരിച്ചത്. രണ്ട് ദിവസമായി കാർത്ത്യായനിയെ കാണാത്തതിനെ തുടർന്ന് അയൽവാസികൾ അന്വേഷിച്ചപ്പോഴാണ് വീട് അകത്ത് നിന്നും പൂട്ടിയതാണെന്ന് മനസിലായത്. വിവരമറിഞ്ഞ് പയ്യന്നൂർ പോലീസ് സ്ഥലത്തെത്തി വാതിൽ ചവിട്ടി പൊളിച്ച് നോക്കിയപ്പോഴാണ് കാർത്ത്യായനി കിടപ്പുമുറിയിൽ മരിച്ച നിലയിൽ കാണപ്പെട്ടത്. അസ്വാഭാവിക മരണത്തിന് കേസെടുത്ത പോലീസ് മൃതദേഹം പോസ്റ്റുമോർട്ടം നടത്താനായി പരിയാരം മെഡിക്കൽ കോളേജിലേക്ക് മാറ്റി.

ഹൈദരാബാദിൽ മലയാളി നേഴ്സിന് നേരെ ആസിഡ് ആക്രമം

ഹൈദരാബാദ്: അപ്പോളോ ആശുപത്രിയിലെ മലയാളി സ്റ്റാഫ് നഴ്സിന് നേർക്ക് ആസിഡ് ആക്രമണം. മലയാളിയായ പ്രമോദ് എന്ന യാളാണ് ആസിഡ് ആക്രമണം നടത്തിയതെന്ന് പോലീസ് പറയുന്നു. ഇന്നലെ രാവിലെയായിരുന്നു സംഭവം. ജിഷ ഷാജി (23)യെന്ന നഴ്സിന് നേർക്കാണ് ആക്രമണമുണ്ടായത്. പ്രമോദും ജിഷയും പരിചയക്കാരാണെന്ന് പറയുന്നു. വെള്ളക്കുപ്പിയിലാണ് പ്രമോദ് ആസിഡ് കൊണ്ടുവന്നത്. ജിഷ ജോലി കഴിഞ്ഞ് ആശുപത്രിയിൽ നിന്നും മടങ്ങുമ്പോൾ പ്രമോദ് സമീപത്തെത്തി സംസാരിക്കുകയും വാക്കേറ്റം ഉണ്ടാകുകയും ചെയ്തു. ഇതോടെ പ്രമോദ് കൈയിൽ സൂക്ഷിച്ചിരുന്ന ആസിഡ് ജിഷയുടെ നേർക്ക് ഒഴിക്കുകയായിരുന്നു. രണ്ടുവർഷം മുമ്പാണ് ജിഷ ഹൈദരാബാദിലെത്തിയത്.

കലക്ട്രേറ്റിന് പുറത്ത് പ്രതിഷേധം; സമാധാനയോഗ സ്ഥലംമാറ്റി

കണ്ണൂർ: കൊലയാളി രാഷ്ട്രീയ നേതൃത്വങ്ങളെ പങ്കെടുപ്പിച്ച് നടത്തുന്ന സമാധാന യോഗം നാടകമാണെന്ന് ആരോപിച്ച് പൗരാവകാശ- മനുഷ്യാവകാശ പ്രവർത്തകർ രംഗത്ത് വന്നതോടെ യോഗസ്ഥലം മാറ്റി. ഇന്നലെ വൈകുന്നേരം ആറ് മണിയോടെ കലക്ട്രേറ്റിലെ കോൺഫറൻസ് ഹാളിൽ ഉയേകക്ഷി സമാധാന യോഗം നടത്താനായിരുന്നു തീരുമാനം. ഇതറിഞ്ഞ പൗരാവകാശ-മനുഷ്യാവകാശ പ്രവർത്തകർ 5.45ഓടെ കലക്ട്രേറ്റ് ഗെയിറ്റിന് മുന്നിൽ സംഘടിച്ച് മുദ്രാവാക്യം മുഴക്കി. ഇതോടെ സമാധാനയോഗ സ്ഥലം പെട്ടെന്ന് കലക്ടറുടെ ഔദ്യോഗിക വസതിയിലേക്ക് മാറ്റുകയായിരുന്നു. യോഗം മാറ്റിയ വിവരം മാധ്യമ പ്രവർത്തകരെ പോലും അറിയിച്ചിരുന്നില്ല. ഒടുവിൽ മാധ്യമ പ്രവർത്തകർ യോഗസ്ഥലത്ത് എത്തുമ്പോഴേക്കും കലക്ടറുടെ വസതിയുടെ ഗെയിറ്റ് അടച്ചുപൂട്ടിയിരുന്നു.

ഓരോ സമാധാന യോഗവും കഴിഞ്ഞാൽ ഉടൻ കൊലകൾ അരങ്ങേറുകയാണെന്നും സമാധാന യോഗം പ്രഹസനമാണെന്നും അതിനാൽ കർശന നടപടികളാണ് സ്വീകരിക്കേണ്ടതെന്നും ആവശ്യപ്പെട്ടായിരുന്നു പൗരാവകാശ- മനുഷ്യാവകാശ പ്രവർത്തകരുടെ പ്രതിഷേധം. ഡോ. ഡി. സുരേന്ദ്രനാഥ് അധ്യക്ഷത വഹിച്ചു. എൻ. സുബ്രഹ്മണ്യൻ, അഡ്വ. കസ്തൂരിദേവൻ, ദേവദാസ് തളാപ്പ്, വിനോദ് കുമാർ രാമന്തളി, അഡ്വ. പി.സി. വിവേക്, സുൽഫത്ത് തുടങ്ങിയവർ സംസാരിച്ചു. സി. ശശി സ്വാഗതം പറഞ്ഞു.

ഓട്ടോ ടാക്സി മരത്തിലിടിച്ച് നാലുപേർക്ക് പരിക്ക്

പയ്യന്നൂർ: ഓട്ടോ ടാക്സി മരത്തിലിടിച്ച് ഡ്രൈവർക്കും ഒരു കുടുംബത്തിലെ മൂന്നുപേർക്കും പരിക്കേറ്റു. ചിറ്റാരിക്കൽ സ്വദേശികളായ ചിറ്റടിയിൽ ഏലിയാമ്മ ദേവസ്യ (50), മകൾ സന്ധ്യ (30), സന്ധ്യയുടെ ഭർത്താവ് ജോളി, ഓട്ടോ ടാക്സി ഡ്രൈവർ കരിമുണ്ടക്കയത്തിൽ ദാമോദരൻ (48) എന്നിവരെ പരിക്കുകളോടെ പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ക്യാൻസർ രോഗിയായ ഏലിയാമ്മയെ ചികിത്സക്കായി കോടിയേരി മലബാർ ക്യാൻസർ സെന്ററിലേക്ക് കൊണ്ടുപോകുംവഴി ഇന്ന് രാവിലെ 7.30ന് പയ്യന്നൂർ ബസ് സ്റ്റാന്റിന് സമീപമായിരുന്നു അപകടം. എതിരെ വന്ന ലോറിയിൽ ഇടിക്കാതിരിക്കാൻ ഓട്ടോ വെട്ടിച്ചപ്പോൾ മരത്തിൽ ഇടിക്കുകയായിരുന്നു.

ചരമം

അസീസ്

തളിപ്പറമ്പ: മുക്കോലയിലെ മുൻ ചേക്കാലി ഹോട്ടൽ നടത്തിപ്പുകാരനായിരുന്ന മുതുകുടയിൽ താമസിക്കുന്ന പള്ളക്കൻ അസീസ് (56) നിര്യാതനായി. ഭാര്യ: കെ.വി. കദീജ. മക്കൾ: ആഷിഖ് (ദുബായ്), ഷഫീഖ് (ഫർണ്ണിച്ചർ), ഷഫീന. സഹോദരങ്ങൾ: ഷാജി (ഗൾഫ്), നഫീസ.

ഇബ്രാഹിം

ശ്രീകണ്ഠപുരം: ചെങ്ങളായിലെ ആദ്യകാല വ്യാപാരി വി. പി. ഇബ്രാഹിം (കൊയ്യത്ത് ഇബ്രാഹിം 86) നിര്യാതയായി. ഭാര്യ: പരേതയായ പുതിയത്ത് ഫാത്തിമ. മക്കൾ: സൈനബ, കുഞ്ഞാമിന, മറിയം, അബ്ദുൾ ലത്തീഫ് (ഗൾഫ്). മരുമക്കൾ: മുഹമ്മദ് (അടിച്ചേരി), എസ്.പി. അബ്ദുള്ള (വ്യാപാരി, ചെമ്പിലേരി), അബ്ദുൾസലാം (ചുഴലി), സുലൈഖ (വള്ളക്കൈ).

ബൈക്ക് ഇടിച്ച് പരിക്കേറ്റ കാൽനടയാത്രക്കാരൻ മരിച്ചു

ഇരിട്ടി: ബൈക്ക് ഇടിച്ച് പരിക്കേറ്റ കാൽനടയാത്രക്കാരൻ മരിച്ചു. തിരുവനന്തപുരം തോന്നിക്കൽ സ്വദേശി മണിയൻ (55)ആണ് മരിച്ചത്. ഇന്നലെ രാത്രി പത്ത് മണിയോടെ അയ്യപ്പൻകാവ് പുഴക്കര വായനശാലക്ക് സമീപത്താണ് അപകടം ഉണ്ടായത്. സാരമായി പരിക്കേറ്റ മണിയനെ എ.കെ.ജി ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. മരിച്ചയാൾ യാചകനാണെന്ന് പോലീസ് പറഞ്ഞു.

കുട്ടിയെ തട്ടിക്കൊണ്ടുപോയെന്ന വ്യാജ പ്രചാരണം പയ്യന്നൂരിൽ ഭീതിവിതച്ചു

പയ്യന്നൂർ: കുട്ടിയെ തട്ടിക്കൊണ്ടുപോയെന്ന് സാമൂഹ്യമാധ്യമങ്ങളിലൂടെ വ്യാജപ്രചാരണം നടത്തിയത് പയ്യന്നൂരിനെ ഭീതിയിലാഴ്ത്തി. കണ്ടങ്കാളിയിലെ ഒരു കുട്ടിയെ കഴിഞ്ഞ ദിവസം തട്ടിക്കൊണ്ടുപോയെന്നായിരുന്നു പ്രചാരണം. നവമാധ്യമങ്ങളിലൂടെ ഇക്കാര്യം വ്യാപകമായി പ്രചരിച്ചതോടെ പോലീസും മാധ്യമ പ്രവർത്തകരും അന്വേഷണം നടത്തിയെങ്കിലും ഇങ്ങനെയൊരു സംഭവം ശ്രദ്ധയിൽപ്പെട്ടില്ല. ഒടുവിലാണ് പ്രചാരണം വ്യാജമാണെന്ന് മനസിലായത്. നേരത്തെ ഇതേ രീതിയിലുള്ള പ്രചാരണം സംസ്ഥാനമൊട്ടാകെ നടന്നിരുന്നു.

സ്വർണ്ണം ഇന്നത്തെ വില
ഗ്രാമിന്: 2,900
പവന് :23,200
പവിത്ര ജ്വല്ലറി
കുട്ടുക്കൻ കോംപ്ലക്സ്, ഹൈവേ, തളിപ്പറമ്പ
Ph: 0460-2207237

ചൂരക്കാടൻ ബിജു ബലിദാന ദിനാചരണം; പയ്യന്നൂരിൽ കനത്ത പോലീസ് സുരക്ഷ

പയ്യന്നൂർ: ബി.ജെ.പി പ്രവർത്തകൻ രാമന്തളി കക്കമ്പാറയിലെ ചൂരക്കാടൻ ബിജുവിന്റെ ബലിദാന ദിനാചരണത്തോടനുബന്ധിച്ച് പയ്യന്നൂർ മേഖലയിൽ കനത്ത പോലീസ് സുരക്ഷാ സന്നാഹം ഏർപ്പെടുത്തി. കഴിഞ്ഞവർഷം മെയ് 12നായിരുന്നു ബിജു കൊല്ലപ്പെട്ടത്.

തളിപ്പറമ്പ ഡി.വൈ.എസ്.പി. കെ.വി. വേണുഗോപാൽ പയ്യന്നൂരിൽ ക്യാമ്പ് ചെയ്താണ് സുരക്ഷാ സന്നാഹത്തിന് നേതൃത്വം നൽകുന്നത്. ഇന്ന് രാത്രി പട്രോളിംഗ് ശക്തമാക്കും. നാളെ രാത്രി വരെ പോലീസ് സുരക്ഷാ സന്നാഹം ഉണ്ടാകും. കൊലക്കേസ് പ്രതികളായി ജാമ്യത്തിലിറങ്ങിയവർ പോലീസിന്റെ പ്രത്യേക നിരീക്ഷണത്തിലാണ്. ആവശ്യമെങ്കിൽ മുൻകരുതൽ അറസ്റ്റ് നടത്താൻ പയ്യന്നൂർ പോലീസിന് നിർദേശം നൽകിയിട്ടുണ്ട്.

ദമ്പതികളെ പിടികൂടിയത്...

(ഒന്നാം പേജിൽ നിന്ന്) പ്രതികളുടെ ഫോൺ വിവരങ്ങളും ടവർ ലൊക്കേഷനും മാത്രമാണ് അന്വേഷണ സംഘത്തിന്റെ കൈവശം ഉണ്ടായിരുന്നത്. പ്രതികളെ തേടി പലസ്ഥലങ്ങളിലായി അന്വേഷണ സംഘം ദിവസങ്ങളോളം അലഞ്ഞുനടന്നു. പിടികൂടാൻ കഴിയാതെ തിരിച്ചുവന്നാൽ ഒരിക്കലും ഇവരെ പിടികൂടാൻ കഴിയില്ലെന്ന് മനസിലാക്കിയ ചെറുപുഴ പോലീസ് കാട്ടുമന്നാർ കോയില് പോലീസ് സ്റ്റേഷനുമായി ബന്ധപ്പെട്ടു. തലേദിവസം പ്രതികൾ ബന്ധപ്പെട്ട നമ്പറുകൾ എടുത്ത് തമിഴ്നാട് പോലീസിന് കൈമാറി. ഒടുവിൽ അതുവരെ സ്വിച്ചോഫായിരുന്ന പ്രതികളിൽ ഒരാളുടെ ഫോണിൽ നിന്ന് ഒരു നമ്പറിലേക്ക് രണ്ട് വിളികൾ പോയതായി മനസിലായി. ഉടൻ ചെറുപുഴ പോലീസ് ഇത് കാട്ടുമന്നാർ കോയിൽ എസ്.ഐയെ അറിയിച്ചു. അവരുടെ സഹായത്തോടെ ടവർലൊക്കേഷൻ ലഭിച്ച പ്രദേശങ്ങളിലെ സംശയമുള്ള വീടുകളിലും സ്ഥലങ്ങളിലും കാർട്ടേഴ്സിലും പോലീസ് കയറിയിറങ്ങിയെങ്കിലും നിരാശയായിരുന്നു ഫലം. പിറ്റേദിവസം രാവിലെ തമിഴ്നാട് പോലീസ് കേരള പോലീസ് താമസിക്കുന്ന സ്ഥലത്തെത്തി പുതിയ ടവർ ലൊക്കേഷൻ ചോദിച്ചു. ടവർ ലൊക്കേഷൻ പരിശോധിച്ചപ്പോൾ പ്രതികൾ സ്ഥലത്ത് തന്നെയുണ്ടെന്ന് വ്യക്തമായി. പോലീസ് ആ നമ്പർ ഡയൽ ചെയ്തപ്പോൾ ട്രൂകോളർ വഴി ആരെയാണ് വിളിക്കുന്നതെന്ന് മനസിലാക്കി. ലാൽപോട്ടെ ഹമീദിനെയാണ് വിളിക്കുന്നതെന്ന് മനസിലാക്കിയ പോലീസ് ലാൽപോർട്ടെലെത്തി ഓട്ടോഡ്രൈവറായ ഹമീദിനെ തമിഴ്നാട് പോലീസിന്റെ സഹായത്തോടെ കണ്ടെത്തി. ഹമീദിനെ വിശദമായി ചോദ്യം ചെയ്തപ്പോൾ പ്രതികൾ താമസിക്കുന്ന കാർട്ടേഴ്സ് കാണിച്ചുകൊടുത്തു. അവിടെ പോലീസ് എത്തുമ്പോഴേക്കും പ്രതികളായ ശാന്തിയും ശ്രീകാന്തും ലെഗേജും മറ്റും റെഡിയാക്കി സ്ഥലംവിടാനുള്ള ഒരുക്കത്തിലായിരുന്നു. പോലീസ് ഇവരെ കസ്റ്റഡിയിലെടുത്ത് തമിഴ്നാട് പോലീസിന്റെ അറസ്റ്റ് രേഖപ്പെടുത്തി ഇന്ന് രാവിലെ തളിപ്പറമ്പ് ഡി.വൈ.എസ്.പി മുമ്പാകെ ഹാജരാക്കി.

Printed, Published by P.K.Mujeeb Rahman for Makthab Daily, P.O. Taliparamba, Kannur and Printed at Neethi Offset Press, Taliparamba, Kannur. 670 141 Editor: K.Sunilkumar. Vol. No. 11 Issue No. 168 RNI Reg.No.KER MAL/2007/22043